**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 33** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ സുൽത്താൻ കനാൽ സംരക്ഷണ പ്രവൃത്തികളുടെ പുരോഗതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. വിജിൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കല്ല്യാശ്ശേരി മണ്ഡലത്തിലെ സുൽത്താൻ കനാൽ സംരക്ഷണ പ്രവൃത്തിയുടെ പുരോഗതിയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** സുൽത്താൻ കനാലിന്റെ വലതുകരയിൽ വാടിക്കൽ ബ്രിഡ്ജിന്റെ വടക്കുവശം ചെ. 0.300 കി.മീ മുതൽ ചെ. 0.460 കി.മീ വരെ കനാൽ സംരക്ഷണ ഭിത്തി തകർന്ന ഭാഗങ്ങളിൽ 140 മീറ്റർ നീളത്തിൽ പൈൽ & സ്ലാബ് പ്രൊട്ടക്ഷൻ വർക്ക് നടന്നുകൊണ്ടിരിക്കുന്നു. നിലവിൽ പ്രീ കാസ്റ്റ് പൈൽ സ്ഥാപിച്ചു വരുന്നു.

സുൽത്താൻ കനാലിന്റെ വലതുകരയിൽ ചെ: 0.440കി.മീ. മുതൽ ചെ: 0.720കി.മീ. വരെ സംരക്ഷണഭിത്തിയുടെ പുനർനിർമ്മാണത്തിനായി ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ ഭരണാനുമതിക്കായി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

**(ബി)** പ്രസ്തുത പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ ?

**<u>മറുപടി:</u>** നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തി നിശ്ചയിച്ച കാലാവധിക്കുള്ളിൽ പൂർത്തികരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.

**സെക്ഷൻ ഓഫീസർ**